മലപ്പുറം: പൊന്നാനി, തിരൂർ, പുതുപൊന്നാനി, പരപ്പനങ്ങാടി.

കോഴിക്കോട്: കടലുണ്ടി, അഴിയൂർ, പായേരിവളപ്പ്, വക്രുഹാജി വളപ്പ്, പുതിയകടവ്, മുക്കാടി ബീച്ച്, മുക്കാർ ബീച്ച്, കോതി ബീച്ച്, ശവകണ്ടി ബീച്ച്.

കണ്ണൂർ: പാലക്കോട്, തയ്യിൽ, ഏഴൻകടപ്പുറം, ധർമ്മടം, വടക്കൻ ആയിക്കര, മൈതാനപ്പള്ളി, ഗോപൽവേട്ട, ചാലിൽ മാറ്റൂർ, പെറ്റിപ്പാലം.

കാസർഗോഡ്: മഞ്ചേശ്വരം, ബെറിക്ക കടൽഭിത്തി, ഷെറിയ കടൽഭിത്തി, കോയിപ്പാടി കടൽഭിത്തി, കാവുഗോളീ കടൽഭിത്തി, ചെറുമണ്ടായി കടൽഭിത്തി, ബേക്കൽ പുതിയ കടപ്പുറം, കീഴൂർ വലിയപറമ്പ്, അടുക്കത്തു ബയൽ

(ബി) പൂർണ്ണമായ വിവരം ലഭ്യമല്ല.

(സി) പുതുതായി കടലാക്രമണം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) എ പിരിവിൽ പരാമർശിച്ച സ്ഥലങ്ങളിൽ കടൽഭിത്തിക്ക് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്.

വടകര-മാഹി കനാലിന്റെ നിർമ്മാണം

48 [211] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ പണി എപ്പോൾ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന ദേശീയ ജലപാതയിൽ മാഹി കനാൽ ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വടകര-മാഹി കനാൽ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്.

മഴവെള്ള സംഭരണം

49 [212] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണത്തിന് സർക്കാർ കൈക്കൊണ്ടു വരുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(ബി) മഴവെള്ള സംഭരണത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മഴവെള്ള സംഭരണത്തിന് കൂടുതൽ നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മഴവെള്ള സംഭരണം സംബന്ധിച്ച് ഇതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സ്വീകരിച്ച പ്രധാന നടപടികൾ താഴെ കൊടുക്കുന്നു:

(1) മഴവെള്ളക്കൊയ്ത്ത് പ്രചരിപ്പിക്കാനും വ്യാപകമാക്കാനുമുള്ള 3.35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ആക്ഷൻ പ്ലാൻ സർക്കാർ അംഗീകരിക്കുകയും അതനുസരിച്ചുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(2) പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണത്തിന് സംവിധാനമുണ്ടാക്കുന്നതിന് കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി.

(3) പ്രാദേശികതല ജലസംരക്ഷണ സമിതികൾ രൂപീകരിച്ചു. മഴവെള്ള സംരക്ഷണത്തിന് മഴക്കുഴികൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്ന മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ 'വർഷ' പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി 1058 യൂണിറ്റുകൾക്ക് അനുമതി നൽകി. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചു നടത്തുന്ന കുടിവെള്ള പദ്ധതികളിലും ലോകബാങ്ക് സഹായമുള്ള ജലനിധി പദ്ധതിയിലും സെക്ടർ റിഫോംസ് പദ്ധതിയിലും മഴവെള്ള സംഭരണം ഒരു ഘടകമായിട്ടുണ്ട്.

(5) നടപ്പു സാമ്പത്തിക വർഷത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആകെ വകയിരുത്തിയിരിക്കുന്ന തുകയുടെ മുന്നിലൊന്ന് മഴവെള്ള സംഭരണ/വിനിയോഗ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കണമെന്ന് സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകളും സർക്കാർ/അർദ്ധ സർക്കാർ ഏജൻസികളും വിവിധ സന്നദ്ധ സംഘടനകളും സംസ്ഥാനത്ത് മഴവെള്ള സംഭരണത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. സ്ലൈഡുകളുടെയും ലഘു ചിത്രങ്ങളുടെയും പ്രദർശനം, സെമിനാറുകൾ, പരിശീലന പരിപാടികൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം എന്നിവ അതിൽപ്പെടുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'വർഷ' പദ്ധതിയുടെ ആദ്യഘട്ടമായി അനുമതി നൽകിയ 623 യൂണിറ്റുകളിൽ ഏകദേശം 300 യൂണിറ്റുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള യൂണിറ്റുകളുടെ പണികൾ നടന്നുവരുകയും ചെയ്യുന്നു. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചുള്ള പദ്ധതിയിൻകീഴിൽ 646 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിച്ചു. ഉദ്യോഗസ്ഥൻമാരും മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 40,000-ൽപരം ആളുകൾക്ക് KILA വഴി പരിശീലനം നൽകിയിട്ടുണ്ട്. ലാൻഡ് യൂസ്ബോർഡ്, ജലനിധി തുടങ്ങിയ സംവിധാനങ്ങൾ ഈ ആവശ്യത്തിന് വേണ്ടി പ്രവർത്തിക്കുന്നു. 3.35 കോടി രൂപ ചെലവുള്ള മഴവെള്ള സംഭരണ പ്രചരണ പരിപാടി സർക്കാർ അംഗീകരിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

മഴവെള്ള സംഭരണത്തെപ്പറ്റിയുള്ള കൈപുസ്തകം അച്ചടിക്ക് തയ്യാറായിക്കഴിഞ്ഞു.

മഴവെള്ള സംഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ലഘുചിത്രം (ടെലിഫിലിം) ജീവന്റെ മഴത്തുള്ളികൾ എന്നപേരിൽ കേരളാ റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി തയ്യാറാക്കിയിട്ടുണ്ട്.

മാധ്യമങ്ങൾ വഴിയുള്ള മഴവെള്ളപ്രചരണാനുകൂല പരിപാടികൾ പ്രദർശിപ്പിച്ചുവരുന്നു.

ജില്ലയിൽ തെരഞ്ഞെടുത്ത 10 വീതം പൊതു സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ/കെട്ടിടങ്ങൾ എന്നിവയിൽ മഴവെള്ള സംഭരണം ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് മാതൃകകൾ ലഭ്യമാക്കുവാനും മഴവെള്ള സംഭരണപ്രചരണ പരിപാടി 2004-ൽ വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാർ ഇത്തരം പൊതു സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

വെള്ളായണി കായൽ സംരക്ഷണം

50 [213] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശുദ്ധജല തടാകങ്ങളിൽ ഒന്നായ വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കായൽ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അന്തിമ രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly